**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3080** **14-02-2024 - ൽ മറുപടിയ്ക്ക്**

**കൊളാവിപ്പാലം പുലിമുട്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിലെ കൊളാവിപ്പാലം പുലിമുട്ട് നിർമ്മാണത്തിനായുള്ള ഡിസൈനും തുടർന്നുള്ള വിശദമായ പദ്ധതി രേഖയും ലഭിച്ചിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കൊളാവിപ്പാലം പുലിമുട്ട് നിർമ്മാണത്തിനായി ജലസേചന വകുപ്പിന്റെ ഡിസൈൻ വിഭാഗമായ IDRB തയ്യാറാക്കി NCCR പരിശോധിച്ച് അംഗീകാരം നൽകിയ ഡിസൈൻ ലഭ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പയ്യോളി മുനിസിപ്പാലിറ്റിയിൽ കുറ്റ്യാടി പുഴയുടെ അഴിമുഖത്തിന് തെക്ക് ഭാഗത്തായി 445മീ. നീളത്തിൽ പുലിമുട്ട് നിർമ്മിക്കുന്നതിനും വടക്ക് ഭാഗത്തായി വടകര നിയോജകമണ്ഡലത്തിൽ വടകര മുനിസിപ്പാലിറ്റിയിലെ സാന്റ്ബാങ്ക്സിൽ നിലവിലുള്ള പുലിമുട്ട് നീളം കൂട്ടി 375 മീ. ദൂരത്തിൽ നിർമ്മിക്കുന്നതിനുമായി അംഗീകാരം ലഭിച്ച ഡിസൈൻ പ്രകാരം, 4250 ലക്ഷം രൂപയുടെ തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ചു നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ